സൂറഃ-9

# അത്തൗബ

أَلَا تُقَـٰتِلُونَ قَوْمًا نَّكَثُوٓا۟ أَيْمَـٰنَهُمْ وَهَمُّوا۟ بِإِخْرَاجِ ٱلرَّسُولِ وَهُم
بَدَءُوكُمْ أَوَّلَ مَرَّةٍ ۚ أَتَخْشَوْنَهُمْ ۚ فَٱللَّهُ أَحَقُّ أَن تَخْشَوْهُ إِن كُنتُم مُّؤْمِنِينَ ﴿١٣﴾
قَـٰتِلُوهُمْ يُعَذِّبْهُمُ ٱللَّهُ بِأَيْدِيكُمْ وَيُخْزِهِمْ وَيَنصُرْكُمْ عَلَيْهِمْ وَيَشْفِ
صُدُورَ قَوْمٍ مُّؤْمِنِينَ ﴿١٤﴾
وَيُذْهِبْ غَيْظَ قُلُوبِهِمْ ۗ وَيَتُوبُ ٱللَّهُ عَلَىٰ مَن يَشَآءُ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿١٥﴾

**13.** പ്രതിജ്ഞകൾ ലംഘിച്ചുകൊണ്ടേയിരിക്കുകയും ദൈവദൂതനെ ആട്ടിയോടിക്കാനൊരുമ്പെടുകയും ചെയ്ത ജനത്തോട് നിങ്ങൾ യുദ്ധം ചെയ്യുന്നില്ലേയോ, അക്രമം തുടങ്ങിയത് അവരായിരുന്നിട്ടും? നിങ്ങൾ അവരെ ഭയപ്പെടുകയാണോ? എന്നാൽ നിങ്ങൾ യഥാർഥ സത്യവിശ്വാസികളാണെങ്കിൽ, അവരെക്കാൾ ഭയപ്പെടാനർഹൻ അല്ലാഹുവാകുന്നു.

**14.** അവരോടു പടവെട്ടുവിൻ, അല്ലാഹു നിങ്ങളുടെ കരങ്ങളാൽ അവരെ ശിക്ഷിക്കാനും നിന്ദിക്കാനും നിങ്ങൾക്ക് ജയമരുളാനും വിശ്വാസികളുടെ മനസ്സിനെ സമാധാനിപ്പിക്കാനും.

**15.** അവരുടെ മനസ്താപം തുടച്ചുനീക്കാനും; അതോടൊപ്പം അല്ലാഹു അവനിഛിക്കുന്നവർക്ക് പശ്ചാത്തപിക്കാൻ ഉതവിയരുളുന്നുമുണ്ട്. അല്ലാഹു സർവജ്ഞനും യുക്തിമാനുമല്ലോ.

അവർ ലംഘിച്ചിരിക്കുന്നു = نَّكَثُوٓا۟ ഒരു ജനത്തോട് = قَوْمًا നിങ്ങൾ യുദ്ധം ചെയ്യുന്നില്ലേയോ = أَلَا تُقَـٰتِلُونَ
അവർ ഉദ്യമിച്ചു, ഒരുമ്പെ(ടുകയും ചെയ്തു)ട്ടു = وَهَمُّوا۟ അവരുടെ പ്രതിജ്ഞകൾ = أَيْمَـٰنَهُمْ
അവർ(ആയിരുന്നിട്ടും) = وَهُم ദൈവദൂതനെ പുറത്താക്കലിന് (ആട്ടിയോടിക്കാൻ) = بِإِخْرَاجِ ٱلرَّسُولِ
നിങ്ങൾ അവരെ ഭയപ്പെടുകയാണോ? = أَتَخْشَوْنَهُمْ ആദ്യ(ം)വട്ടം = أَوَّلَ مَرَّةٍ നിങ്ങളോടു (ആക്രമണം) തുടങ്ങി(യതും) = بَدَءُوكُمْ
നിങ്ങൾ അവനെ ഭയപ്പെടാൻ = أَن تَخْشَوْهُ (അവരെക്കാൾ) ഏറ്റം അർഹൻ = أَحَقُّ എന്നാൽ അല്ലാഹുവാകുന്നു = فَٱللَّهُ
അവരോട് പടവെട്ടുവിൻ = قَـٰتِلُوهُمْ (യഥാർഥ) സത്യവിശ്വാസികൾ = مُّؤْمِنِينَ നിങ്ങൾ ആണെങ്കിൽ = إِن كُنتُم
അവൻ അവരെ നിന്ദിക്കാനും = وَيُخْزِهِمْ നിങ്ങളുടെ കരങ്ങൾകൊണ്ട് = بِأَيْدِيكُمْ അല്ലാഹു അവരെ ശിക്ഷിക്കാൻ = يُعَذِّبْهُمُ ٱللَّهُ
ശമനം നൽകാനും, സമാധാനിപ്പിക്കാനും = وَيَشْفِ അവർക്കുമേൽ = عَلَيْهِمْ നിങ്ങൾക്ക് ജയമരുളാനും, സഹായിക്കാനും = وَيَنصُرْكُمْ
പോക്കാനും(തുടച്ചുനീക്കാനും) = وَيُذْهِبْ വിശ്വാസിക(ളുടെ)ളായ ജനത്തിന്റെ = قَوْمٍ مُّؤْمِنِينَ മനസ്സുകളെ = صُدُورَ
അവരുടെ മനസ്സുകളുടെ രോഷത്തെ(മനസ്താപം) = غَيْظَ قُلُوبِهِمْ
അവൻ ഇഛിക്കുന്നവ(ർക്ക്)രുടെ മേൽ = عَلَىٰ مَن يَشَآءُ അല്ലാഹു മടങ്ങുന്നു(പശ്ചാത്തപിക്കാൻ ഉതവിയരുളുന്നുമുണ്ട്) = وَيَتُوبُ ٱللَّهُ
യുക്തിമാൻ(നും)അല്ലോ = حَكِيمٌ അല്ലാഹു സർവജ്ഞൻ(നും) = وَٱللَّهُ عَلِيمٌ

**13-15:** 'നിങ്ങൾ യുദ്ധം ചെയ്യുന്നില്ലേയോ?' എന്ന ചോദ്യത്തിന്റെ താൽപര്യം അന്വേഷണമല്ല. വിശ്വാസികളോടുള്ള ആഹ്വാനവും പ്രേരണയുമാണത്. തുടർന്ന്, യുദ്ധം അനിവാര്യമാക്കുന്ന സാഹചര്യം ഉളവായിരിക്കുന്നുവെന്നും ഇനിയും അടങ്ങിയിരിക്കാൻ ന്യായങ്ങളില്ലെന്നും ചൂണ്ടിക്കാണിക്കുകയാണ്. പരസ്പര ധാരണകളും ഉടമ്പടികളുമാണ് സൗഹാർദപരമായ സഹവർത്തനവും സഹകരണവും സമാധാനവും സാധ്യമാക്കുന്നത്. ഉടമ്പടികൾ ലംഘിക്കുകയും ധാരണകൾ അസ്ഥാനത്താക്കുകയും ചെയ്തവരെ സായുധമായിത്തന്നെ നേരിടുകയല്ലാതെ നിർവാഹമില്ല; ഇതാണ് ഒന്നാമത്തെ കാരണം. ശത്രുക്കൾ പ്രവാചകനെ ആട്ടിയോടിക്കാൻ ഒരുമ്പെട്ടിരിക്കുന്നുവെന്നതാണ് രണ്ടാമത്തെ കാരണം. നേരത്തേ ഖുറൈശികൾ പ്രവാച

കനെയും വിശ്വാസികളെയും മക്കയിൽനിന്ന് മദീനയിലേക്ക് പലായനം ചെയ്യാൻ നിർബന്ധിതരാക്കി. പിന്നെ മദീനയിൽനിന്നും അവരെ ആട്ടിയോടിക്കാനായി ബദ്ർ, ഉഹുദ്, ഖന്ദഖ് തുടങ്ങിയ യുദ്ധങ്ങൾ നയിച്ചു. മദീനയിലെ യഹൂദ ഗോത്രങ്ങളുടെയും ലക്ഷ്യം ഇതുതന്നെയായിരുന്നു. പ്രവാചകനെ വിഷംകൊടുത്തു കൊല്ലാൻവരെ അവർ ശ്രമം നടത്തുകയുണ്ടായി. മദീനക്കെതിരെ യുദ്ധം നയിച്ചവരുടെയും ഇപ്പോഴും നയിച്ചുകൊണ്ടിരിക്കുന്നവരുടെയും അന്തിമലക്ഷ്യം ഇസ്‌ലാമിനെയും അതിന്റെ പ്രവാചകനെയും ഇല്ലാതാക്കുക എന്നതാണ്. പൊതുനിയമങ്ങളും ഉടമ്പടികളുമെല്ലാം ലംഘിച്ചുകൊണ്ട് ഈ ലക്ഷ്യവുമായി മുന്നോട്ടുവരുന്നവരെ ആയുധം കൊണ്ടല്ലാതെ നേരിടാനാവില്ല. ഇത്തരക്കാർക്കെതിരെ അടങ്ങിയിരിക്കാമെങ്കിൽ അത്, അവർ തങ്ങളുടെ ദുഷ്ടവിചാരങ്ങൾ പ്രവർത്തി പഥത്തിൽ കൊണ്ടുവരാൻ തുടങ്ങുന്നതുവരെയാണ്. ഇസ്‌ലാമിനെതിരെ അവരുടെ ഭാഗത്തുനിന്ന് ആക്രമണം തുടങ്ങുകകൂടി ചെയ്താൽ പിന്നെ ഒട്ടും കാത്തിരിക്കാനവസരമില്ല. അതാണ് മൂന്നാമത്തെ കാരണം. ഈ മൂന്നു കാരണങ്ങളും നിലനിൽക്കുന്ന ചരിത്ര പശ്ചാത്തലത്തിലാണ് പ്രകൃത സൂക്തങ്ങൾ അവതരിക്കുന്നത്.

നേരത്തേ സൂചിപ്പിച്ചിട്ടുള്ളതുപോലെ മക്കാവിമോചനത്തിനുശേഷം ഒരുവശത്ത് അനേകം ഗോത്രങ്ങൾ ഇസ്‌ലാമിലേക്കു വന്നുകൊണ്ടിരിക്കെത്തന്നെ, ചില ഗോത്രങ്ങൾ ഇസ്‌ലാമിനെ തകർക്കാനുള്ള അവസാനത്തെ അവസരമായും ആ സന്ദർഭത്തെ കരുതിയിരുന്നു. ഇനിയും അമാന്തിച്ചുനിന്നാൽ ഭാവിയിൽ സ്വന്തം ഗോത്രവും ഇസ്‌ലാമിന്റെ സ്വാധീനത്തിൽ അകപ്പെട്ടുപോകും. ആർക്കും അതു തടയാനാവില്ല. അതുകൊണ്ട് ഇസ്‌ലാമിനെ തകർക്കുന്നതിനുവേണ്ടി എന്തും ചെയ്യാൻ അവർ തയാറായി. സൗഹാർദ ബന്ധങ്ങളോ സഹകരണക്കരാറുകളോ ഒന്നും അതിനു തടസ്സമായില്ല. അടുത്തവർഷം മുതൽ വിഗ്രഹാരാധകർ മസ്ജിദുൽ ഹറാമിൽ പ്രവേശിച്ചുകൂടാ എന്ന വിളംബരം അവരുടെ രോഷവും ആശങ്കയും വർധിപ്പിച്ചു. അറബികൾക്കെല്ലാം പൊതുവായിട്ടുള്ള തീർഥാടന കേന്ദ്രവും പവിത്ര ചിഹ്നവുമാണ് കഅ്ബ. അതിൽനിന്ന് ബഹിഷ്കൃതരാവുക എന്നാൽ അറേബ്യൻ പൈതൃകത്തിൽനിന്ന് ബഹിഷ്കൃതരാവുകയാണ്. ഇസ്‌ലാം വിജയിച്ച ശേഷം ബഹുദൈവത്വത്തിൽ ഉറച്ചുനിന്നാൽ തങ്ങൾ അറബി സമൂഹത്തിന്റെ ഭാഗമല്ലാതായിത്തീരും.

ഹി. 9-ാം ആണ്ടിലെ ഹജ്ജ് വിളംബരത്തിന്റെയും തുടർന്നുള്ള യുദ്ധാഹ്വാനത്തിന്റെയും ലക്ഷ്യം ശത്രു നിഗ്രഹം മാത്രമായിരുന്നില്ല. രക്തച്ചൊരിച്ചിൽ കഴിയുന്നത്ര ഒഴിവാക്കുക എന്നതും അതിന്റെ ലക്ഷ്യമായിരുന്നു. ഇസ്‌ലാമിന്റെ ഭാഗത്തുനിന്ന് യാതൊരു ദാക്ഷിണ്യവുമില്ലാത്ത പടയോട്ടം വരാൻ പോകുന്നു എന്ന് വിളംബരം ചെയ്ത് അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും പേരിൽ വിഘടിച്ചു നിൽക്കുന്ന ഗോത്രങ്ങളിൽ ഇനി രക്ഷയില്ലെന്ന തോന്നലുണ്ടാക്കി ഇസ്‌ലാമിനെ അംഗീകരിക്കാൻ പ്രേരിപ്പിക്കുക എന്ന തന്ത്രവും കൂടിയായിരുന്നു അത്. ശത്രുപക്ഷത്തുനിന്ന് അഭയം തേടിവരുന്നവരെയും പശ്ചാത്തപിച്ചു വരുന്നവരെയും സ്വീകരിക്കണമെന്ന് മുസ്‌ലിംകളോട് നിർദേശിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. ഈ സന്ദർഭത്തിൽ അല്ലാഹു അവനിഛിക്കുന്നവർക്ക് പശ്ചാത്തപിക്കാൻ ഉതവിയരുളുന്നുമുണ്ട്.

وَيَتُوبُ ٱللَّهُ عَلَىٰ مَن يَشَآءُ എന്ന വാക്യത്തിന്റെ താൽപര്യം, ഈ യുദ്ധനീക്കം ശത്രുക്കളിൽ കുറേയാളുകളെ ഇസ്‌ലാമിലേക്കു കടന്നുവരാൻ പ്രേരിപ്പിക്കുമെന്നും അവരെ അല്ലാഹു സ്വീകരിക്കുമെന്നുമാണ്. അക്ഷരംപ്രതി പുലർന്ന ഖുർആനിക പ്രവചനമാണിത്. പൂർവിക പണ്ഡിതന്മാരിൽ ചിലർ ഇതിനെ ഖുർആന്റെ അമാനുഷികതക്കുള്ള ഒരു ദൃഷ്ടാന്തമായി പരിഗണിച്ചിരിക്കുന്നു. ഈ യുദ്ധാഹ്വാനത്തിനുശേഷം കരാർ ലംഘകരായ ബഹുദൈവവിശ്വാസികളുമായി മുസ്‌ലിംകൾ യുദ്ധം ചെയ്തിട്ടേയില്ല എന്നാണ് ചില ചരിത്രകാരന്മാർ നിവേദനം ചെയ്തിട്ടുള്ളത്. അവരൊക്കെയും യുദ്ധമില്ലാതെ തന്നെ ഇസ്‌ലാമിനെ അംഗീകരിക്കാൻ തയാറാവുകയായിരുന്നു.

ഇവിടെ സൂചിപ്പിക്കപ്പെടുന്ന ശത്രുക്കൾ ഖുറൈശികളാണെന്നും, സന്ധിലംഘനം ഹുദൈബിയാ സന്ധിയുടെ ലംഘനമാണെന്നും, ദൈവദൂതനെ ആട്ടിയോടിക്കാനൊരുമ്പെട്ടു എന്നുപറഞ്ഞത് ഖുറൈശികൾ പ്രവാചകനെ മക്കയിൽനിന്ന് പലായനം ചെയ്യാൻ നിർബന്ധിതനാക്കിയതിനെക്കുറിച്ചാണെന്നും അഭിപ്രായപ്പെട്ടവരാണ് ഖുർആൻ വ്യാഖ്യാതാക്കളിൽ വലിയൊരു വിഭാഗം. മക്കാ വിമോചനത്തിനുമുമ്പ് ഖുറൈശികളും മുസ്‌ലിംകളും അവരുമായി നടന്ന യുദ്ധങ്ങളും ഈ സൂക്തങ്ങളുടെ ആശയപരിധിയിൽ പെടുന്നു എന്നതു ശരിയാണ്. പക്ഷേ, ഹി. 9-ാം ആണ്ട് അവസാനത്തിൽ അവതരിച്ച ഈ ആഹ്വാനങ്ങൾ ഹി. 8-ാം നൂറ്റാണ്ടിനു മുമ്പ് നടന്ന സംഭവങ്ങളെക്കുറിച്ചാണെന്ന് കരുതുന്നത് യുക്തിസഹമല്ല. ഹ. ഇബ്നു അബ്ബാസിൽനിന്ന് ഇങ്ങനെയും ഒരു നിവേദനം കാണാം: "ഈ സൂക്തങ്ങളിൽ പരാമർശിക്കുന്നത് യമനിലെ ചില ഗോത്രങ്ങളെയാണ്. അവരിൽ കുറേയാളുകൾ മക്കയിൽ വന്ന് ഇസ്‌ലാം സ്വീകരിച്ചു. തിരിച്ചു നാട്ടിൽചെന്നപ്പോൾ അവർക്ക് സ്വന്തം ഗോത്രങ്ങളിൽനിന്ന് കഠിനമായ മർദനങ്ങളും പീഡനങ്ങളും ഏൽക്കേണ്ടി വന്നു. അവർ ആവലാതിയുമായി ഒരു പ്രതിനിധിയെ നബി(സ)യുടെ അടുക്കലേക്കയച്ചു. പ്രവാചകൻ നൽകിയ മറുപടി ഇപ്രകാരമായിരുന്നു: إبشروا فإنّ الفتح قريب - സന്തോഷിക്കുവിൻ മോചനം ആസന്നമാകുന്നു". ഇതേ ഇബ്നു അബ്ബാസിൽനിന്നു തന്നെ ഈ സൂക്തം ഖുറൈശികളെക്കുറിച്ചവതരിച്ചതാണെന്ന അഭിപ്രായവും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. രണ്ടു സംഭവങ്ങളും ഈ സൂക്തങ്ങളുടെ വിധിയിൽ അല്ലെങ്കിൽ ആശയ പരിധിയിൽ പെടുന്നു എന്നേ അദ്ദേഹം ഉദ്ദേശിച്ചുള്ളൂ.

وَهُم بَدَءُوكُمْ أَوَّلَ مَرَّةٍ എന്നതിന്റെ പദാനുപദ അർഥം, 'ആദ്യത്തെ പ്രാവശ്യം നിങ്ങളോടു തുടങ്ങിയത് അവരായിരിക്കെ' എന്നാണ്. എപ്പോഴും ആദ്യം യുദ്ധം തുടങ്ങുന്നത് ശത്രുക്കളായിരിക്കെ അവരോട് തിരിച്ച് യുദ്ധം ചെയ്യാതിരിക്കുന്നത് ആപൽക്കരവും അപമാനകരവുമാകുന്നു എന്നാണ് പൊതുവിൽ പണ്ഡിതന്മാർ അതിനർഥം കൽപിക്കുന്നത്. ആദ്യ പ്രാവശ്യം- أَوَّلَ مَرَّةٍ - എന്നു പറഞ്ഞത് ബദർ യുദ്ധത്തെ ഉദ്ദേശിച്ചുമാവാം. അപ്പോൾ ആശയമിതാണ്: യുദ്ധം എന്ന പരിപാടി ഇസ്‌ലാമിന്റെ അജണ്ടയിലുണ്ടായിരുന്നില്ല. ആശയ പ്രബോധനമായിരുന്നു അതിന്റെ പരിപാടി. ആശയത്തെ പ്രതിയോഗികൾ മർദന പീഡനങ്ങൾകൊണ്ട് നേരിട്ടപ്പോൾ പോലും ഇസ്‌ലാം സായുധ സമരത്തെക്കുറിച്ച് ചിന്തിച്ചിട്ടില്ല. പീഡനം ദുസ്സഹമായപ്പോൾ മക്കയിൽനിന്ന് പലായനം ചെയ്യുകയാണ് മുസ്‌ലിംകൾ ചെയ്തത്. മദീനയിലെത്തിയശേഷം അവർ തദ്ദേശീയരുമായി സൗഹാർദപരമായ സഹവർത്തിത്വ കരാറുകളുണ്ടാക്കി, സ്വാതന്ത്ര്യവും സ്വയം നിർണയാവകാശവുമുള്ള വ്യവസ്ഥാപിത സമൂഹമായി കഴിയുകയായിരുന്നു. അപ്പോൾ അവിടെനിന്നും അവരെ ഉന്മൂലനം ചെയ്യാനൊരുമ്പെട്ടുകൊണ്ട് യുദ്ധത്തിനു വന്നത് ബഹുദൈവവിശ്വാസികളാണ്. അതിന്റെ തുടർച്ചയാണ് ഇപ്പോഴും അരങ്ങേറിക്കൊണ്ടിരിക്കുന്നത്. യുദ്ധം വേണ്ടെന്ന്

നിങ്ങൾ തീരുമാനിച്ചാലും അതൊഴിവാക്കാൻ ശത്രുക്കൾ നിങ്ങളെ അനുവദിക്കില്ല.

أَتَخْشَوْنَهُمْ (നിങ്ങൾ അവരെ ഭയപ്പെടുന്നുവോ?) എന്ന ചോദ്യവും അന്വേഷണമല്ല; വിമർശനാത്മകമാണ്. ഭയപ്പെടാനർഹരല്ലാത്ത അവരെ നിങ്ങൾ ഭയപ്പെടുന്നത് ആക്ഷേപാർഹമാകുന്നു എന്നാണ് വിവക്ഷ. വിശ്വാസികളിൽ ചിലർക്ക് യുദ്ധത്തിനിറങ്ങാൻ സങ്കോചമുണ്ടായിരുന്നു എന്ന് ഇതിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. ശത്രുക്കളുമായി ഏറ്റുമുട്ടിയാൽ തോറ്റുപോകുമോ എന്നതു മാത്രമായിരുന്നില്ല അവരുടെ ഭയം. വിവിധ ഗോത്രങ്ങളിൽനിന്നുള്ള വിശ്വാസികൾ യുദ്ധമില്ലാകരാറുള്ള കാലത്ത് അവരുടെ ഗോത്രങ്ങളുമായി നല്ല ബന്ധം പുലർത്തിയിരുന്നു. യുദ്ധം തുടങ്ങിയാൽ സ്വന്തം ഗോത്രങ്ങളോടു തന്നെയാണ് അവർക്കേറ്റുമുട്ടേണ്ടത്. യഥാർഥ വിശ്വാസികളെ ഇത്തരം ഭയങ്ങളൊന്നും ബാധിക്കാൻ പാടില്ല എന്നാണ് فَٱللَّهُ أَحَقُّ أَن تَخْشَوْهُ إِن كُنتُم مُّؤْمِنِينَ എന്ന വാക്യത്തിലൂടെ വ്യക്തമാക്കുന്നത്. വിശ്വാസികളുടെ ഭയവും ഭക്തിയും സ്നേഹവും കൂറുമെല്ലാം ഏറ്റവുമധികം അർഹിക്കുന്നത് അല്ലാഹുവാണ്. അല്ലാഹുവിനോടുള്ള ഭയഭക്തിക്കു വിധേയമായിട്ടേ മറ്റാരോടും ഭയവും സ്നേഹവും പാടുള്ളൂ. സൃഷ്ടികളെ സംബന്ധിച്ച ഭയവും സ്രഷ്ടാവിനെ സംബന്ധിച്ച ഭയവും തമ്മിൽ ഏറ്റുമുട്ടുമ്പോൾ എപ്പോഴും ജയിക്കേണ്ടത് സ്രഷ്ടാവിനെ സംബന്ധിച്ച ഭയമാണ്.

അതിനാൽ വിശ്വാസികൾ പ്രതിസന്ധിഘട്ടങ്ങളിൽ സ്രഷ്ടാവിനോടുള്ള ഭയത്തെ മുൻനിർത്തി, സൃഷ്ടികളോടുള്ള ഭയത്തെ അവഗണിച്ചുകൊണ്ട് മുന്നേറുക തന്നെ വേണം. അതാണ് قَـٰتِلُوهُمْ -അവരോടു യുദ്ധം ചെയ്യുവിൻ- എന്ന കൽപനയുടെ താൽപര്യം. അല്ലാഹു നിങ്ങളുടെ കരംകൊണ്ടുതന്നെ അവന്റെ ശത്രുക്കളെ ശിക്ഷിക്കാൻ തീരുമാനിച്ചിരിക്കുന്നു. ശിക്ഷിക്കുന്നവർ ശിക്ഷിക്കപ്പെടുന്നവരെ ഭയപ്പെടേണ്ടതില്ല. നേരത്തേ ഇസ്‌ലാം സ്വീകരിച്ചതിന്റെ പേരിൽ സ്വഗോത്രങ്ങളിൽനിന്ന് ധാരാളം പീഡനങ്ങൾ ഏറ്റുവാങ്ങിയവരാണല്ലോ നിങ്ങൾ. ഇപ്പോൾ അവരെ ശിക്ഷിക്കാൻ ഒരവസരം അല്ലാഹു നിങ്ങൾക്കു തന്നിരിക്കുകയാണ്. നേരത്തേ നിങ്ങളെ നിന്ദിക്കുകയും പുഛിക്കുകയും ചെയ്തവരെ നിങ്ങളാൽ തന്നെ നിന്ദിതരും അപമാനിതരുമാക്കാൻ പോവുകയാണവൻ. അവരുടെ മേൽ നിങ്ങൾക്ക് നിർണായകമായ വിജയം നൽകാനും അവൻ തീരുമാനിച്ചിരിക്കുന്നു. വളരെക്കാലമായി ശത്രുഭയത്താലും അവരിൽനിന്നുള്ള പീഡനങ്ങളാലും പരിഹാസങ്ങളാലും മനസ്സ് നീറുന്ന വിശ്വാസികൾക്ക്, ശത്രുക്കളുടെ പരാജയത്തിലൂടെ കുളിരും സമാശ്വാസവുമരുളുകയാണവൻ. وَيَشْفِ صُدُورَ قَوْمٍ مُّؤْمِنِينَ - വിശ്വാസികളായ ഒരു ജനത്തിന്റെ മാറിടങ്ങളെ ശമിപ്പിക്കാനും- എന്നാണ് മൂലവാക്യം. സമാധാനം, സമാശ്വാസം, രോഗശമനം എന്നീ അർഥങ്ങളിലുപയോഗിക്കുന്ന പദമായ شفاء -ന്റെ സകർമക ക്രിയാരൂപമാണ് يشفي . ദ്രോഹങ്ങളും അപമാനവും ഏറ്റുവാങ്ങേണ്ടിവന്ന വിശ്വാസികളുടെ മനസ്സിലുണ്ടാകാവുന്ന പകയും വിദ്വേഷവും തുടച്ചുനീക്കപ്പെടുകയാണ് ഈ യുദ്ധംമൂലം ഉണ്ടാകുന്ന മറ്റൊരു ഗുണം. ആദ്യം പറഞ്ഞ സമാശ്വാസത്തിൽനിന്നു- شفاء الصدور- വ്യത്യസ്തമാണിത്. മനസ്സിൽനിന്ന് ഉൽകണ്ഠയും അപകർഷതയും അകന്നുപോവുകയും തൽസ്ഥാനത്ത് അഭിമാനബോധവും വിജയപ്രതീക്ഷയും സ്ഥലം പിടിക്കുകയുമാണ് شفاء الصدور. ശത്രുക്കളോടുള്ള വെറുപ്പും വിദ്വേഷവും പ്രതികാരദാഹവും ഇല്ലാതാവുകയാണ് إذهاب الغيظ.

وَٱللَّهُ عَلِيمٌ حَكِيمٌ (അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമല്ലോ) എന്ന വാക്യം ഈ യുദ്ധാഹ്വാനത്തെ വിശ്വാസികൾ ഒരിക്കലും അനാവശ്യമോ അപകടകരമോ ആയി കരുതേണ്ടതില്ല എന്നു സൂചിപ്പിക്കുകയാണ്. യുദ്ധത്തിലേർപ്പെടാൻ മടിക്കുന്ന ചിലർ വിശ്വാസികളുടെ കൂട്ടത്തിലുണ്ടായിരുന്നുവല്ലോ; അവരോട് പറയുകയാണ്: അല്ലാഹു കാര്യങ്ങളെല്ലാം നന്നായറിഞ്ഞുകൊണ്ടാണ് യുദ്ധം ആഹ്വാനം ചെയ്യുന്നത്. അതിൽ നിങ്ങൾക്കറിയാത്ത പല യുക്തികളും അടങ്ങിയിട്ടുണ്ട്. തൊട്ടുമുമ്പു പരാമർശിച്ച തൗബയും മറ്റു കാര്യങ്ങളുമെല്ലാം അവന്റെ യുക്തിയിലും ജ്ഞാനത്തിലും പെട്ട രഹസ്യങ്ങളാണ്. കുറഞ്ഞ കാലത്തിനകം തന്നെ വിശ്വാസികൾക്ക് അതെല്ലാം ബോധ്യമാവുകയുണ്ടായി. ബദ്ധവൈരികളായിരുന്ന ആയിരക്കണക്കിലാളുകൾ തങ്ങളുടെ നിലപാടിൽ പശ്ചാത്തപിച്ച് ഇസ്‌ലാമിലേക്കു കടന്നുവന്നു. മുസ്‌ലിംസമൂഹം അറേബ്യയിലെ ഏറ്റം അന്തസ്സും പ്രതാപവുമുള്ള സമൂഹമായി മാറി. ആദ്യം ആശങ്കിച്ചതുപോലെ ഈ മാറ്റത്തിൽ രക്തച്ചൊരിച്ചിൽ ഉണ്ടായതുമില്ല. ■